## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1921** **16.06.2014 - ൽ മറുപടിയ്ക്ക്**

# ഇടമലക്കുടിയിലെ ഏലംതൈ അഴിമതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാജേന്ദ്രൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും സ്പോർട്സും, സിനിമയും വകുപ്പ് മന്ത്രി) | |
| എ. | ആദിവാസി ഗ്രാമപഞ്ചായത്തിലെ ഇടമലക്കുടിയിലെ ഏലംതൈ അഴിമതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ. | ഉണ്ട്. |
| ബി. | എത്ര തുകയുടെ അഴിമതിയാണ് നടന്നിട്ടുള്ളത്; | ബി. | പ്രാഥമിക അന്വേഷണത്തിൽ 110 ലക്ഷം രൂപയ്ക്ക് മേൽ അഴിമതി നടന്നതായി കണ്ടെത്തിയിട്ടുണ്ട്. |
| സി. | അഴിമതി നടത്തിയ ഉദ്യോഗസ്ഥരുടെ ആസ്തി എത്രയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | സി. | അഴിമതി നടത്തിയ ഉദ്യോഗസ്ഥരുടെ ആസ്തി എത്രയാണെന്ന് പരിശോധിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| ഡി. | വിജിലൻസ് അന്വേഷണം നടത്തുന്നതിന് ഉത്തരവ് പ്രഖ്യാപിച്ചത് വനംവകുപ്പ് തന്നെ അട്ടിമറിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി. | പ്രസ്തുത അഴിമതി, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ് ശുപാർശ നൽകിയിരുന്നു. എന്നാൽ വിജിലൻസ് അന്വേഷണത്തിനു മുന്നോടിയായി, പ്രസ്തുത കേസിലെ യഥാർത്ഥ നഷ്ടം എത്രയെന്ന് വിലയിരുത്തുന്നതിനും കുറ്റക്കാരായ ഉദ്യോഗസ്ഥരുടെ പങ്ക് എത്രയെന്ന് കണ്ടെത്തുന്നതിനുമായി വനം വകുപ്പിലെ വിജിലൻസ് വിഭാഗത്തെക്കൊണ്ട് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വിജിലൻസ്) ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഇ. | എങ്കിൽ എന്തു നടപടിയാണ് ഇതിന്മേൽ സ്വീകരിച്ചിരിക്കുന്നത്: | ഇ, എഫ്. | മേൽ അഴിമതിയെക്കുറിച്ച് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വിജിലൻസ്)ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| എഫ്. | സ്വീകരിച്ചിട്ടില്ലെങ്കിൽ ഉടൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ